प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഫെബ്രുവരി 13, 2019

**ആന്ധ്രാപ്രദേശ് ചിറ്റൂരിലെ ദി ചിറ്റൂർ സഹകരണ ടൗൺ ബാങ്ക് ലിമിറ്റഡിനു മേൽ പിഴചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്കു ബാധകമാം വിധം) സെക്ഷൻ 47A (1) (c) ഒപ്പം സെക്ഷൻ 46, സബ് സെക്ഷൻ 4 എന്നിവയുടെ വ്യവസ്ഥകൾപ്രകാരം റിസർവ്ബാങ്ക് ഓഫ് ഇന്ത്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് ആന്ധ്രാപ്രദേശ് ചിറ്റൂരിലെ ദി ചിറ്റൂർ സഹകരണ ടൗൺ ബാങ്ക് ലിമിറ്റഡിനുമേൽ ആർബിഐ 50,000/- (രൂപ അമ്പതിനായിരം മാത്രം) രൂപയുടെ പണപ്പിഴ ചുമത്തി. മേൽപ്പറഞ്ഞ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 26 പ്രകാരം, അവകാശികളില്ലാത്ത നിക്ഷേപങ്ങൾ റിസർവ് ബാങ്കിൻറെ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് നിക്ഷേപക വിദ്യാവബോധ ഫണ്ടിലേക്ക് (Depositor Education and Awareness Fund) മാറ്റാതിരുന്നതിനാണ് ഈ പിഴചുമത്തിയത്.

സഹകരണ ബാങ്കിന്, റിസർവ്ബാങ്ക് ഓഫ് ഇന്ത്യ ഒരു കാരണംകാണിക്കൽ നോട്ടീസ് നൽകിയതിന്, ബാങ്ക് രേഖാമൂലമുള്ള ഒരു മറുപടി സമർപ്പിച്ചു. കേസിൻറെ വസ്തുതകളും, ഇക്കാര്യത്തിൽ ബാങ്ക് സമർപ്പിച്ച മറുപടിയും പരിഗണിച്ചതിൽ ലംഘനം സാരവത്താണെന്നും പിഴചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള നിഗമനത്തിൽ റിസർവ്ബാങ്ക് ഓഫ് ഇന്ത്യ എത്തുകയായിരുന്നു.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ്വൈസർ

**പ്രസ്സ് റിലീസ് : 2018-2019/1929**